പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4693 28/06/2013-ൽ മറുപടിക്ക് ഉണ്ടായിരുന്നത്.

## മൃഗസംരക്ഷണ വകുപ്പിൽ പുനഃസംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ എന്തെങ്കിലും പുനഃസംഘടനാ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വകുപ്പിലെ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം ആർ.എ.ഐ.സി -യിൽ നിന്നും മാറ്റാനും ആർ.എ.ഐ.സി. സംവിധാനം നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകരം എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത്; | (ബി) | ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. റീജിയണൽ ആർട്ടിഫിഷൽ ഇൻസെമിനേഷൻ കേന്ദ്രം എന്നത് പേര് മാറ്റി റീജിയണൽ അനിമൽ ഹസ്ബന്ററി സെന്റർ എന്ന പേരിൽ കൂടുതൽ പ്രവർത്തനങ്ങളും അധികാരവും നൽകി പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഈ തീരുമാനത്തിലൂടെ ഏതെങ്കിലും തസ്തിക ഇല്ലാതാവുകയോ, നിലവിലുള്ളവയുടെ എണ്ണത്തിൽ മാറ്റം വരികയോ ചെയ്യുമോ; വിശദാംശം വ്യക്തമാക്കുമോ ; | (സി) | ഇല്ല. |
| (ഡി) | മാറ്റങ്ങളുടെ ഫലമായി ജീവനക്കാരുടെ തസ്തികകളുടെ എണ്ണത്തിലും ആനുകൂല്യത്തിലും കർഷകർക്ക് ഉപകേന്ദ്രങ്ങൾവഴി ലഭിക്കുന്ന സേവനത്തിലും കുറവ് വരില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | പ്രസ്തുത മാറ്റങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ഉൾപ്പെടെയുള്ള എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

ns